K22U 3315

Reg. No.: ...............................

Name : ...................................

DON BOSCO ARTS AND SCIENCE COLLEGE LIBRARY

I Semester B.Com./B.B.A./B.B.M./B.T.T.M. Degree
(C.B.C.S.S. – Supplementary) Examination, November 2022
(2016-2018 Admissions)
COMMON COURSE IN MALAYALAM
1A07 – 1 MAL : Sahithya Roopangal

Time : 3 Hours  Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ''മനുഷ്യാദ്ധ്വാനത്തിന്റെ മഹനീയതയിൽ വിശ്വസിക്കുന്ന ഒരു കവിയാണ് വൈലോപ്പിള്ളി'' – 'മല തുരക്കൽ' എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക.

2) സി. ജെ.യുടെ ദാർശനികത നാടകീകരിക്കുന്ന ഒരു കൃതിയാണ് 'ആ മനുഷ്യൻ നീ തന്നെ', ശരിയോ ? വിലയിരുത്തുക.

3) ''എല്ലാത്തരം വിഷയങ്ങൾക്കും എല്ലാ സന്ദർഭങ്ങൾക്കും പറ്റിയ ഒറ്റ ശാസ്ത്രീയ വിവർത്തന നിർവചനം കണ്ടെത്താൻ ബുദ്ധിമുട്ടാണ്.'' എൻ. ഇ. വിശ്വനാഥ അയ്യരുടെ ഈ അഭിപ്രായം ശരിയോ ? ചർച്ച ചെയ്യുക.

4) ശക്തിയുടെ കവി എന്ന വിശേഷണം ഇടശ്ശേരിക്കവിതകൾക്ക് എത്രമാത്രം ചേരുന്നുണ്ടെന്ന് പുത്തൻകലവും അരിവാളും എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക. (2×7=14)

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

5) വിവർത്തനത്തിന്റെ സാർവ്വലൗകികതത്ത്വങ്ങൾ എന്തെല്ലാം ?

6) ''പ്രേമത്തെപ്പറ്റി സുന്ദരമായതും പുതുതു വല്ലതും പറയാനാണെങ്കിൽ, ഞാനതു കേട്ടുകേട്ടു മടുത്തു! ചപ്പാച്ചി സാധനമാണു പ്രേമം'' – ആരുടെ വാക്കുകൾ ? സന്ദർഭം വിശദീകരിക്കുക.

7) നൈൽനദിക്കരയിൽ ലേഖകൻ കണ്ട കാഴ്ചകൾ എന്തെല്ലാം ?

P.T.O.

Don Bosco Arts and Science College Library
Angadikadavu, Kannur
lib.donbosco.ac.in

8) "കോമൻ നിന്നു കലികൊള്ളുന്നു
കുറ്റിക്കിട്ട ഗജം പോലെ". കലി കൊള്ളാനിടയായ സാഹചര്യം വ്യക്തമാക്കുക.

9) ഉപന്യാസത്തെപ്പറ്റിയുള്ള ഗുപ്തൻനായരുടെ നിരീക്ഷണങ്ങൾ എന്തെല്ലാം ?

10) ആകവേ നാം തുരക്കണം പോലും
ആവി വണ്ടികൾക്കുളിയിട്ടോടാൻ – സന്ദർഭം വിശദീകരിക്കുക. **(4×3=12)**

III. 100 വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

11) ആധുനിക ഭാരതീയഭാഷകൾ പിന്നിട്ട നാലു വിവർത്തനഘട്ടങ്ങൾ ഏതെല്ലാം ?

12) ഇന്റീരിയർ ഡെക്കറേഷൻ എന്ന കവിതയുടെ ഉള്ളടക്കം വിശദീകരിക്കുക.

13) "പാപത്തിന്റെ ഫലം മരണമേറ്റെടുത്തു. സംഭവിക്കേണ്ടതു സംഭവിച്ചു." ആരുടെ വാക്കുകൾ ? – സന്ദർഭം വിശദീകരിക്കുക.

14) വിവർത്തനത്തിന് സാമുവൽ ജോൺസൺ നൽകുന്ന നിർവ്വചനം വിശദീകരിക്കുക.

15) അപ്പൻ തമ്പുരാന്റെയും ഇ. വി. കൃഷ്ണപിള്ളയുടെയും ഉപന്യാസങ്ങളുടെ പ്രത്യേകതകളായി ഗുപ്തൻനായർ ചൂണ്ടിക്കാണിക്കുന്നതെന്തെല്ലാം ?

16) കഥാപാത്ര നിരൂപണം – കേശവൻ നായർ. **(4×2=8)**

IV. ഒറ്റ വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

17) ആദ്യകാല മലയാളഗദ്യത്തിന്റെ ഉദാഹരണമായി ഭാഷാപണ്ഡിതൻമാർ ഉദ്ധരിക്കുന്ന അർത്ഥശാസ്ത്ര കൃതിയേത് ?

18) പുതപ്പാട്ട് എന്ന കവിതയെഴുതിയതാര് ?

19) നൈലിന്റെ തീരങ്ങളിൽ നൂറ്റാണ്ടുകളുടെ മൈൽക്കുറ്റികൾ പോലെ നിലം പറ്റി കിടക്കുന്നത് എന്താണ് ?

20) മതിലുകൾ എന്ന കൃതിയുടെ കർത്താവ് ആര് ?

21) 'ദാവീദ്' കേന്ദ്രകഥാപാത്രമായി വരുന്ന സി. ജെ.യുടെ നാടകം ഏത് ?

22) ലഭ്യമായതിൽവെച്ച് ഏറ്റവും പുരാതനമായ വിവർത്തനം എന്നറിയപ്പെടുന്നത് ഏതാണ് ?

23) ഇടശ്ശേരി എഴുതിയ നാടകം ഏത് ?

24) '1128 ൽ ക്രൈം 27' ഏത് സാഹിത്യരൂപത്തിൽപ്പെടുന്നു ? **(6×1=6)**

Don Bosco Arts and Science college Library Angadikadavu, Kannur libdonbosco.ac.in